# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3129 — 15.12.2015-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി മാന്വൽ പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>,, പി.എ.മാധവൻ<br>,, ടി.എൻ.പ്രതാപൻ<br>,, എം.പി.വിൻസെന്റ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി മാന്വൽ പരിഷ്ക്കരണത്തിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് G.O.(P) No.13/2012/PWD തീയതി 01.02.2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) 21.03.2012-ലെ ജി.ഒ.(പി)നം.32/2012/ പൊ.മ.വ പ്രകാരം പരിഷ്ക്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എങ്കിലും വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ